**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1207** **27-07-2021 - ൽ മറുപടിയ്ക്ക്**

**വാഹനം ഓടിക്കുന്നവരുടെ ഫോൺ സംഭാഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വാഹനം ഓടിക്കുമ്പോൾ ഫോൺ ഉപയോഗിച്ച് സംസാരിച്ചാൽ സ്വീകരിക്കുന്ന ശിക്ഷാനടപടികൾ സംബന്ധിച്ച നിയമവ്യവസ്ഥകൾ വിശദമാക്കാമോ; | (എ) | വാഹനം ഓടിക്കുമ്പോൾ മൊബൈൽ ഫോൺ പോലുള്ള hand held communication device കൾ ഉപയോഗിക്കുന്നത് 1988 ലെ കേന്ദ്ര മോട്ടോർ വാഹന നിയമം സെക്ഷൻ 184(c) പ്രകാരം കുറ്റകരമാണ്. പ്രസ്തുത നിയമ ലംഘനം കണ്ടുപിടിക്കപ്പെട്ടാൽ ജി.ഒ(പി)നം.37/2019/ട്രാൻസ്, തീയതി 26/10/2019 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആദ്യതവണ 2000/- രൂപയും ആവർത്തിച്ചുണ്ടാകുന്ന നിയമലംഘനത്തിന് 5000/- രൂപയും പിഴ ഈടാക്കുന്നതാണ്. കൂടാതെ മോട്ടോർ വാഹന നിയമം സെക്ഷൻ 206(4) പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് ലൈസൻസ് പിടിച്ചെടുക്കാൻ വ്യവസ്ഥയുണ്ട്. ഇപ്രകാരം പിടിച്ചെടുക്കപ്പെടുന്ന ലൈസൻസ് Section 19(1A) അനുശാസിക്കുന്ന പ്രകാരം കുറ്റാരോപിതനായ വ്യക്തിക്ക് വിശദീകരിക്കാനുള്ള അവസരം നൽകിയശേഷം ആദ്യ തവണയുള്ള കുറ്റത്തിന് 3 മാസത്തേക്കും തുടർന്നും അതേ കുറ്റം ചെയ്തു തെളിഞ്ഞാൽ ലൈസൻസ് റദ്ദാക്കാനും അധികാരപ്പെടുത്തിയിരിക്കുന്നു. |
| (ബി) | വാഹനം ഓടിക്കുന്നതിനിടയിൽ ഡ്രൈവർമാർ ബ്ലൂടൂത്ത് ഉപയോഗിച്ച് ഫോണിൽ സംസാരിക്കുന്നത് വിലക്കിയിട്ടുണ്ടോ; | (ബി) | ഡ്രൈവിംഗിനിടെ ബ്ലൂടൂത്ത് സാങ്കേതികവിദ്യ ഉപയോഗിച്ച് ഫോണിൽ സംസാരിക്കുന്നത് Rules for Driving Regulations ലെ റൂൾ 37 ന്റെ ലംഘനമാണ്. ബ്ലൂടൂത്ത് വഴി മൊബൈൽ ഫോൺ കണക്ട് ചെയ്ത് സംസാരിച്ചുകൊണ്ട് വാഹനമോടിക്കുന്നത് അപകടങ്ങൾക്ക് കാരണമാകുന്നുണ്ടെന്ന് കണ്ടെത്തിയിരിക്കുന്നു. ഇതിന് കേസ് എടുക്കാൻ 1988 മോട്ടോർ വാഹന നിയമത്തിൽ വ്യവസ്ഥയുണ്ട്. |
| (സി) | ഇക്കാര്യത്തിൽ നിലവിലുള്ള ആശയക്കുഴപ്പം നീക്കാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (സി) | ഡ്രൈവിംഗിനിടെ ബ്ലൂടൂത്ത് സാങ്കേതികവിദ്യ ഉപയോഗിച്ച് ഫോണിൽ സംസാരിക്കുന്നത് Rules for Driving Regulations ലെ റൂൾ 37 ന്റെ |

| | | | |
|---|---|---|---|
| | | | ലംഘനമാണ്. ബ്ലൂട്ടൂത്ത് വഴി മൊബൈൽ ഫോൺ കണക്റ്റ് ചെയ്ത് സംസാരിച്ചുകൊണ്ട് വാഹനമോടിക്കുന്നത് അപകടങ്ങൾക്ക് കാരണമാകുന്നുണ്ടെന്ന് കണ്ടെത്തിയിരിക്കുന്നു. ഇതിന് കേസ് എടുക്കാൻ 1988 മോട്ടോർ വാഹന നിയമത്തിൽ വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ